# ശ്ലീഹാക്കാലം

## വചന വിചിന്തനം

### ആറാം ഞായർ

ലൂക്കാ 13,1-9

**"വിത്തിനു വെള്ളവും വളവും നൽകിയവൻ ഫലമന്വേഷിച്ച് വരുമ്പോൾ നല്ല ഫലം നൽകുന്ന അത്തിവൃക്ഷങ്ങളാണോ നമ്മൾ?"**

ദൈവം നൽകിയ കൃപകളെ ദാനമായി കാണാതെ സ്വന്തമെന്ന് കരുതി അഹംങ്കരിക്കുന്ന ജനതയ്ക്ക് മുമ്പിൽ വചനം വയ്ക്കുന്ന തിരിച്ചറിവുകൾ രണ്ടാണ്; പശ്ചാതപിക്കുക, കടങ്ങൾ വീട്ടുക. ചുരുക്കത്തിൽ, ഈ വചനഭാഗങ്ങൾ മുന്നിൽ വച്ച് തിരുസഭ പറയുന്നതും ഇത് തന്നെയാണ്; ക്ഷമിക്കുക, പൊറുക്കുക, വിട്ടുവീഴ്ച ചെയ്യുക്കുക, അനുഗ്രഹങ്ങൾക്കനുസരിച്ച് ജീവിതത്തെ അനുഗ്രഹമാക്കുക.

ക്ഷമിക്കാത്തവന്റെയും പശ്ചാതപിക്കാത്തവന്റെയും നാശത്തെ കുറിച്ചാണ് ലൂക്കാസുവിശേഷകൻ 13, 1-5 വരെ പറയുന്നത്. ക്രിസ്തു തന്റെ സുവിശേഷപ്രസംഗം ആരംഭിക്കുന്നത് പശ്ചാതപിക്കുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു (മർക്കോ 1,15) എന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ്. വചനമായി അവതരിച്ച ക്രിസ്തുവിന്റെ അടിസ്ഥാന ലക്ഷ്യം ഇതുതന്നെയാണ്, അനുതപത്തിലേയ്ക്കുളള ആഹ്വവാനം...

"നാം വിനീതരാണെങ്കിൽ ഒന്നും നമ്മെ സ്പർശിക്കുകയില്ല... നിങ്ങൾ വിശുദ്ധർ ണെങ്കിൽ ദൈവത്തിനു നന്ദി പറയുക... നിങ്ങൾ പാപികളാണെങ്കിൽ തുടർന്ന് അങ്ങനെ ആകാതിരിക്കുക..' മദർ തെരേസ

എങ്ങനെയാണ് അനുതപിക്കേണ്ടത്? അല്ലെങ്കിൽ എന്താണ് അനുതാപം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? അതു മനസിലാകണമെങ്കിൽ 'അനുതപിക്കുക' എന്ന വാക്കിനെ വിശകലനം ചെയ്താൽ മതി. അനു + തപിക്കുക = കൂടെയിരുന്ന് ചൂടുപിടിക്കുക എന്നർത്ഥം. ക്രിസ്തുവിനോട് കൂടെയിരുന്ന് തപിച്ച് പാപങ്ങളെ കുറിച്ച് അനുതപിക്കാൻ നിന്നക്ക് കഴിയുമോ? നിന്റെ പാപങ്ങളെ കുറിച്ച് അനുതപിച്ച് ലോകത്തിൽ മറ്റൊരു ക്രിസ്തുവായി ജീവിക്കാൻ നിനക്ക് സാധിക്കുമോ? ക്രിസ്തുവിനോട് കൂടെയിരിക്കാൻ നീ പള്ളിയിലും മറ്റ് വിശുദ്ധസ്ഥലങ്ങളിലും പോകുന്ന നിനക്ക് നിന്നെ ദ്രോഹിക്കുന്നവരോട് ക്ഷമിക്കാൻ, പൊറുക്കാൻ സാധിക്കുമോ?

ക്രിസ്തുവിനെ പങ്കുവച്ച് നൽകി എന്നതിന്റെ പേരിൽ ജീപ്പിലിട്ട് കൊല ചെയ്യപ്പെട്ട ഗ്രഹാം സ്റ്റെയിന്റെ ഭാര്യയും രണ്ട് മക്കളുടെയും അമ്മയായ ജൂഡിത്ത് സ്റ്റെയിൻ പറഞ്ഞു, "ഇതു ചെയ്തവരോട് ഞാൻ പൊറുക്കുന്നു. കാരണം, ഇതു ചെയ്തവർ ക്രിസ്തുവിനെ അറിഞ്ഞിരുന്നുവെങ്കിൽ ഇത് ചെയ്യില്ലായിരുന്നുവെന്ന്!"

1947 ഒക്ടോബർ 27 ാം തിയ്യതി കാശ്മീരിലെ കിരാതൻമാർ മഠം ആക്രമിച്ച് കന്യാസ്ത്രീകളെ ക്രൂരമായി ബലാത്സംഗം ചെയ്തു. അവരുടെ ആതുരശുശ്രൂഷാലയത്തിലെ രോഗികളെ കശാപ്പു ചെയ്തു ക്രിസ്തുമാർഗ്ഗം പിന്തുടർന്നതിന്. അന്നു വൈകുന്നേരം തന്റെ കുരിശു മുദ്ര മാറത്തടക്കി പിടിച്ച് "കാശ്മീരിന്റെ ഹൃദയപരിവർത്തനത്തിനായി" പ്രാർത്ഥിച്ചുകൊണ്ട് കോൺവെന്റിലെ പരിക്കേറ്റ മദർ സുപ്പീരിയർ മേരി അഡൽട്രൂസ് ദൈവസന്നിധിയിലേയ്ക്ക് യാത്രയായി.

ക്രിസ്തുവിന്റെ വചനങ്ങൾ താലോലിച്ച് അശരണരോടും ആലംബഹീനരോടും വചനം ജീവിച്ച് കാണിച്ച സി. റാണി മരിയ നോർത്ത് ഇന്ത്യയിൽ വച്ച് അമ്പത്തിയൊന്ന് കുത്തുകളേറ്റ് പൈശാചികമായി കൊലചെയ്യപ്പെട്ടു. സി. റാണി മരിയായുടെ സഹോദരി തന്റെ സഹോദരിയുടെ ഘാതകനെ ജയിൽ ചെന്നു കണ്ട് തന്റെ സഹോദരനായി സ്വീകരിച്ചു. ജയിലിൽ നിന്നും പുറത്തിറങ്ങിയ അയാൾ ആദ്യം ചെയ്തത് സി. റാണി മരിയായുടെ ഭവനം സന്ദർശിച്ച് തന്റെ തെറ്റുകളോട് മാപ്പ് നൽകണം എന്നായിരുന്നു.

ക്രിസ്തുവിന്റെ കൂടെ ആയിരിക്കുക എന്നു വച്ചാൽ പാപങ്ങളെ കുറിച്ച്

അനുതപിക്കുക എന്നതുമാത്രമല്ല അർത്ഥമാക്കുന്നത്. മറിച്ച്, നമ്മളെ ദ്രോഹിക്കുന്നവരോട് ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുക എന്നതുമാണ്. അതുകൊണ്ടാണ് മുതിർന്നവർ പറയുന്നത്, "പാപികളുടെ തലയിൽ തീക്കനൽ വാരിയിടുന്നത് അവരോട് ക്ഷമിക്കുന്നതിലൂടെ ആണെന്ന്.

കവി വചനം എത്രയോ ശ്രേഷ്ഠമാണ്. ജോൺ മിൽട്ടൺ പറഞ്ഞു വയ്ക്കുന്നുണ്ട്, "നിത്യതയുടെ സ്വർഗ്ഗം തുറക്കുന്ന സുവർണ്ണ താക്കോലാണ് അനുതാപം." അവനോടു (ക്രിസ്തുവിനോട്) കൂടെയിരുന്ന് തപിക്കുന്നതായിരിക്കണം, ചൂടുപിടിക്കുന്നതായിരിക്കണം യഥാർത്ഥ അനുതാപം.

ഫലം തരാത്ത അത്തിവൃക്ഷത്തെ കുറിച്ച് വിവരിക്കുമ്പോൾ, വീണ്ടും മനുഷ്യന്റെ ജീവിതത്തിൽ നന്മ ചെയ്യേണ്ടതിന്റെ ആവശ്യകതയെ പറ്റി ലൂക്കാസുവിശേഷകൻ വിവരിക്കുന്നു. നന്മചെയ്യാത്തവരെല്ലാം തീയിൽ എറിയപ്പെടും എന്നാണ് വചനം സാക്ഷ്യപ്പെടുത്തുന്നത്.

അത്തിവൃക്ഷം ഫലം നൽകിയില്ല എന്നതിന്റെ അർത്ഥം ജീവിതത്തിൽ വിശ്വസ്ഥത പുലർത്തിയില്ല എന്നതുമാത്രമാണ്. ആരുടെ അടുത്താണ് വിശ്വസ്ഥത പുലർത്താതിരുന്നത്? തന്നോട് തന്നെയും, യജമാന്റെ അടുത്തും പിന്നെ ദൈവത്തോടും. എങ്കിൽ, ജീവിതത്തിൽ വിശ്വസ്ഥത പുലർത്താത്തവരുടെ സ്ഥിതി ഇതു തന്നെയാണ്, "വെട്ടി തീയിലെറിയപ്പെടുക" എന്നത്.

ഒരിക്കൽ മദർതെരേസയുടെ അടുത്ത് വന്ന് ഒരു പത്രപ്രവർത്തകൻ ഇപ്രകാരം ചോദിക്കുന്നുണ്ട്, "സാധാരണക്കാരിൽ സാധാരണക്കാർക്ക് ചെയ്യാൻ സാധിക്കുന്ന നന്മകളെ അമ്മ ചെയ്തിട്ടുള്ളു. എന്നിട്ടും, അമ്മയുടെ ജീവിതം ഇത്രമാത്രം വിജയിക്കാൻ കാരണമെന്താ?"

പത്രപ്രവർത്തകന്റെ മുഖത്ത് നോക്കി സ്വതസിദ്ധമായ രീതിയിൽ ഒരു പുഞ്ചിരി സമ്മാനിച്ചിട്ട് മദർ തെരേസ പറഞ്ഞു,

"ദൈവം എനിക്ക് ഒരുപാട് അവസരങ്ങൾ നൽകിയിട്ടുണ്ട്. ഈ അവസരങ്ങൾ എനിക്ക് ദൈവം സമ്മാനിക്കുമ്പോഴൊന്നും ഞാൻ സ്വപ്നം കണ്ടിട്ടില്ല, ഇതിലൂടെ എങ്ങനെയാ വിജയിക്കുക എന്ന്. മറിച്ച്, ദൈവം ഓരോ അവസരങ്ങളും എനിക്കു സമ്മാനിക്കുമ്പോൾ ഞാൻ സ്വപ്നം കണ്ടിട്ടുള്ളത് ഇതിലൂടെ എങ്ങനെയാ ദൈവത്തോട് അധികമായി വിശ്വസ്ഥത പുലർത്താൻ സാധിക്കുക എന്നതുമാത്രമാണ്."

എന്നിട്ട് അമ്മ കൂട്ടി ചേർത്തു,

"ഒന്നു എനിക്ക് ഉറപ്പായിരുന്നു, ദൈവത്തോട് നൂറ് ശതമാനം വിശ്വസ്ഥത പുലർത്താൻ സാധിക്കുന്നുണ്ടെങ്കിൽ ദൈവം എന്നോട് നൂറ്റി അമ്പത് ശതമാനം വിശ്വസ്ഥത പുലർത്തുമെന്നും, ദൈവം എന്റെ ജീവിതത്തിലേക്ക് നൂറ് ശതമാനം വിജയം സമ്മാനിക്കുമെന്നും."

പലപ്പോഴും നാം ചിന്തിച്ചിട്ടില്ലേ, 'ദൈവമേ, ഞാനും നിന്നെ അധികം സ്നേഹിച്ചിലേ? എല്ലാ ദിവസവും പള്ളിയിൽ വന്നില്ലേ? ദിവസവും കുടുംബപ്രർത്ഥനയിൽ ഭക്തിപൂർവ്വം പങ്കെടുത്തില്ലേ? എന്നിട്ടുമെന്തേ, എന്റെ ജീവിതം മാത്രം ഇങ്ങനെ ആയി പോകുന്നുവെന്ന്.'

അതിനുള്ള ഏക ഉത്തരമാണ്, ഫലം തരാത്ത അത്തി വൃക്ഷം. ജീവിതത്തിൽ പലപ്പോഴും വിശ്വസ്ഥതയ്ക്ക് ഭംഗം സംഭവിക്കുന്നു. ഒളിച്ചും പാത്തും ചെയ്യുന്ന കള്ളത്തരങ്ങളിലൂടെ എന്നോട് തന്നെയും സഹോദരനോടും ദൈവത്തോടും വിശ്വസ്ഥത പുലർത്താൻ സാധിക്കുന്നില്ല. ഫലമോ, വെട്ടി തീയിലെറിയപ്പെടാനുള്ള വിധിയും!!!

മാനസാന്തരമെന്താണെന്ന് ചോദിച്ചാൽ, ചുരുക്കത്തിൽ, നമുക്ക് ഇപ്രകാരം കുറിച്ച് വയ്ക്കാം; "മാനസാന്തരം = മനസിന്റെ മാറ്റം." മാനസാന്തരമെന്നത് മനസിന്റെ മാറ്റമാണ്. ദൈവരാജ്യം സ്വന്തമാക്കാനുള്ള അടിസ്ഥാനപരമായ യോഗ്യതായി കർത്താവ് ചൂണ്ടി കാണിക്കുന്നതും ഇത് തന്നെയാണ്. ആറ്റുതീരത്ത് നട്ട് മരം വെള്ളത്തിലേയ്ക്ക്

ആനുകൂല്യങ്ങൾ
അനുഭവിക്കുന്നവർ
ഉത്തരവാദിത്വങ്ങൾ
മറക്കരുത്.
കർത്താവിന്
കണക്കുണ്ട് (മൂന്ന് വർഷം).
എണ്ണിയെണ്ണി കർത്താവ്
കണക്ക് ചോദിക്കും!
ജാഗ്രതെ...

വേരൂന്നി നിൽക്കുന്നതു പോലെ കർത്താവിലേയ്ക്ക് വേരൂന്നി നിൽക്കാനുള്ള കൃപയാണ് 'മനസിന്റെ മാറ്റം.' അത് കർത്താവിന്റെ കൂടെയിരുന്ന് അവന്റെ വചനത്തിന്റെ അഭിഷേകം സ്വന്തമാക്കി ചൂടുപിടിക്കാനുള്ള വിളി കൂടിയാണ്. ഈ വിളിയെ ഗൗരവപൂർവം ഇടുക്കാൻ സാധിക്കുന്നില്ലെങ്കിൽ നാം നശിക്കും എന്നുള്ള വസ്തുതയാണ് ഏറ്റവും സുന്ദരമായി കർത്താവ് "ഫലം തരാത്ത വൃക്ഷത്തിന്റെ" ഉപമയിലൂടെ പങ്കുവയ്ക്കുന്നത്.

"ഫലം തരാത്ത വൃക്ഷത്തിന്റെ ഉപമ" 'സേ പരീക്ഷ'യെ കുറിച്ചുള്ള ചിന്തയാണ് ഉണർത്തുന്നത്. ഒരായുസ് മുഴുവൻ അദ്ധ്വാനിച്ചിട്ടും പത്താം ക്ലാസിലെ പരീക്ഷയിൽ ഒരു വിഷയത്തിന് തോറ്റുപോകുന്നവന് ഗവൺമെന്റ് നൽകുന്ന ഔദാര്യം! ഒരു ചാൻസ് കൂടി. അതു തന്നെയാണ് ഫലം തരാത്ത വൃക്ഷത്തിനും യജമാനൻ സമ്മാനിക്കുന്നത്. നീ നല്ല പാട്ടുക്കാരനായിരിക്കാം... നല്ല പ്രസംഗകനായിരിക്കാം... നല്ല സംഘാടകനായിരിക്കാം... നല്ല ഡാൻസ്കാരനായിരിക്കാം... നല്ല കളിക്കാരനായിരിക്കാം... നല്ല ഒരുപാട് കഴിവുള്ള വ്യക്തികളായിരിക്കാം... പക്ഷെ, പത്താം ക്ലാസ് പരീക്ഷ എഴുതിയിരിക്കുന്ന കുട്ടിയിൽ നിന്ന് പ്രതീക്ഷിക്കുന്നത് നല്ല മാർക്കും വിജയവുമാണ്. അത് തന്നെയാണ് മുന്തിരി തോട്ടത്തിലെ അത്തിവൃക്ഷത്തിൽ നിന്ന് പ്രതീക്ഷിക്കുന്നതും. നല്ല തടിയും ഇലകളും പൂക്കളുമൊക്കെ അത്തി വൃക്ഷത്തിന് അലംകാരം മാത്രമാണ്. ആത്യന്തികമായി, അത്തിവൃക്ഷത്തിൽ നിന്ന് യജമാനൻ പ്രതീക്ഷിക്കുന്നത്, സ്വപ്നം കാണുന്നത് നല്ല ഫലങ്ങൾ മാത്രമാണ്. എങ്കിൽ, ഒരു 'സേ പരീക്ഷ'യുടെ വസന്തകാലമാണ് കർത്താവ് നമുക്ക് സമ്മാനിക്കുന്നത്. മാനസാന്തരത്തിന് യോജിച്ച ഫലം സമ്മാനിക്കാൻ സാധിക്കണം. കാരണം, ഇത് അവസാന അവസരമാണ്... ചാൻസാണ്...

*തമ്പുരാന്റെ കൂടെയിരുന്ന് തപിച്ച്, ചൂടുപിടിച്ച് ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ലാതെ ജീവിച്ച് ഫലം നൽകുന്ന നല്ല അത്തിവൃക്ഷമാകുവാനുള്ള കൃപ, അനുഗ്രഹം ഇതാണ് നാം സ്വന്തമാക്കേണ്ടത്.*

സ്നാപകയോഹന്നാന്റെ രംഗപ്രവേശനം ഇപ്രകാരമായിരുന്നു; "അക്കാലത്ത് സ്നാപകയോഹന്നാൻ യൂദയായിലെ മരുഭൂമിയിൽ വന്ന് പ്രസംഗിച്ചു; നാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 3,1-2). ക്രിസ്തുവും മരുഭൂമിയിലെ പരീക്ഷ കഴിഞ്ഞ് ഇതിനോട് ചേർന്ന പ്രസംഗവും നടത്തിയാണ് രംഗപ്രവേശനം ചെയ്യുന്നത്. "അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി; മാനസാന്തരപ്പെടുവിൻ! സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 4,17). എങ്കിൽ, ദൈവം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ ലോകത്തെ അറിയിച്ചിട്ടുള്ളത് ഒന്നുമാത്രമാണ്, "നിങ്ങളുടെ പോക്ക് ശരിയല്ല. നിങ്ങൾ തെറ്റിന്റെ മാർഗ്ഗത്തിലൂടെയാണ് ചരിക്കുന്നത്. നിങ്ങൾ അനുതപിക്കണം. ഒരു 'മെറ്റനോയിയ' (യൂ ടേൺ) അനുഭവം, മാനസാന്തരം നിങ്ങളിൽ സംഭവിക്കണം. എങ്കിൽ മാത്രമാണ് ദൈവരാജ്യഅനുഭവം സ്വന്തമാക്കാവുന്ന നല്ല ഫലങ്ങൾ കായ്ക്കുവാൻ നിങ്ങൾക്ക് സാധിക്കൂ." നല്ല ഫലം പുറപ്പെടുവിക്കാത്ത അത്തി വൃക്ഷത്തിലൂടെ കർത്താവ് പങ്കു വയ്ക്കുന്നതും ഇത് തന്നെയാണ്; 'മെറ്റനോയി'യായുടെ അനുഭവം.

ക്രിസ്തു ഇന്ന് നമ്മളെ ഭരമേൽപ്പിക്കുന്ന ദൗത്യവും ഇത് തന്നെയാണ്, "മാനസാന്തരത്തിന്റെ സുവിശേഷം സകല ജനങ്ങളോടും പ്രസംഗിക്കുക." ക്രിസ്തു ഈലോകജീവിതത്തിന് ശേഷം തന്റെ ശിഷ്യൻമാരെ വിട്ട് സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിന് മുമ്പ് തന്റെ ശിഷ്യൻമാരെ ഓർമ്മപ്പെടുത്തിയത് ഇപ്രകാരമാണ്, "പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളെയും പ്രഘോഷിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു" (ലൂക്കാ 24,47). ഈ പാപമോചനത്തിനുള്ള അനുതാപത്തിന്റെ സുവിശേഷം തന്നെയാണ് നാം പ്രസംഗിക്കേണ്ടതും... ജീവിക്കേണ്ടതും!

**"ഇപ്പോൾ എല്ലായിടത്തുമുള്ള സകല ജനങ്ങളും പശ്ചാതപിക്കണമെന്ന് കർത്താവ് ആജ്ഞാപിക്കുന്നു!"**

**അപ്പ 17,30**

ഫാ. ജോബി മേനോത്ത് : +91 944 7777 931